നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന

5 (*95) ശ്രീമതി കെ. കെ. ലതിക :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) മാർക്കറ്റിൽ ഇടപെടുന്നതിനായി ഈ സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് എത്ര തുകയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഉല്പന്നങ്ങളുടെ സബ്സിഡി പിൻവലിച്ചുകൊണ്ട് വില വർദ്ധിപ്പിച്ചത്, പൊതുമാർക്കറ്റിൽ വില വർദ്ധിക്കാൻ ഇടയായിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഈ സാഹചര്യത്തിൽ ഉല്പന്നങ്ങളുടെ വർദ്ധിപ്പിച്ച വില കുറയ്ക്കുന്നതിന് തയ്യാറാകുമോ ;

(ഡി) സപ്ലൈകോയ്ക്ക് ഫണ്ട് നൽകുന്നതിൽ കടിശ്ശികയുണ്ടോ ; വിശദമാക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഇല്ല.

(ബി) കമ്പോള ഇടപെടലിനായി സപ്ലൈകോയ്ക്ക് ഈ സാമ്പത്തികവർഷം ഇതുവരെ 70 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സപ്ലൈകോ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വില്പന വില കൂട്ടാതിരിക്കുകയും ചെയ്തതുമൂലം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും ഇത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ടാണ് സർക്കാർ സബ്സിഡി സാധനങ്ങളുടെ വില്പനവില പുനർനിർണ്ണയിച്ചത്. അല്ലാതെ സബ്സിഡി പിൻവലിച്ചിട്ടില്ല.

ഇപ്രകാരം വിൽപ്പനവില പുനർനിർണ്ണയിച്ചതിനുശേഷവും സപ്ലൈകോയുടെ സബ്സിഡി വില പൊതുവിപണിയേക്കാളും ശരാശരി 20% മുതൽ 30% വരെ കുറവാണ്. സബ്സിഡി അൽപ്പം കുറച്ച് തടസ്സമില്ലാതെ സാധനങ്ങൾ വിതരണം ചെയ്യുന്നതുമൂലം അവശ്യ സാധനങ്ങളുടെ ലഭ്യത കമ്പോളത്തിൽ ഉറപ്പാക്കുന്നതിനും ഇവയുടെ പൊതുവിപണി വിലയിലെ അനിയന്ത്രിതമായ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില പുനർനിർണ്ണയിച്ചതോടൊപ്പം തടസ്സമില്ലാതെ ഇവയുടെ ലഭ്യതയും ഉറപ്പാക്കുന്നത് യുക്തിസഹമായ സമീപനത്തോടെയുള്ള വിപണിയിടപെടൽ നയത്തിന്റെ ഭാഗമാണ്.

(ഡി) ഉണ്ട്. 2008-09 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷത്തിലെ ഡിസംബർ 2014 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ മാർക്കറ്റിടപെടൽ ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകിയ സൗജന്യ കിറ്റ്, സ്പെഷ്യൽ പഞ്ചസാരയുടെ വിതരണം എന്നിവയ്ക്ക് സർക്കാർ അനുവദിച്ച തുകയ്ക്കപരിയായി സപ്ലൈകോ ചെലവഴിച്ച തുകയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു :

No.	Year	Amount due from Govt. (₹ In crores)
(1)	(2)	(3)
1	2008-09	31.22
2	2009-10	123.33
3	2010-11	42.50

(1)	(2)	(3)
4	2011-12	46.61
5	2012-13	153.55
6	2013-14	204.07
7	2014-15 up to (Dec - 14)	160.46
	Total	761.74

സപ്ലൈകോയ്ക്ക് സർക്കാരിൽനിന്നും 2013-14 ഖാരിഫ് സീസൺ മുതൽ 10-3-2015 വരെ നെല്ല് സംഭരണ ഇനത്തിൽ 233.86 കോടി രൂപ നൽകാനുണ്ട്.

സൗജന്യ യൂണിഫോം വിതരണം

6 (*96) ശ്രീ. സാജു പോൾ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് അദ്ധ്യയന വർഷത്തെ സൗജന്യ യൂണിഫോം വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ ; മുൻവർഷത്തേതിൽനിന്നും യൂണിഫോം വിതരണത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) എയ്ഡഡ് സ്കൂളുകളിലെ യൂണിഫോം വിതരണത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) എത്ര കുട്ടികൾക്കാണ് യൂണിഫോം വിതരണം ചെയ്യാൻ ഉദ്ദേശിച്ചത് ; ഇതിനായി എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു ; ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ വർഷം യൂണിഫോം വിതരണം ചെയ്തതിന്റെ മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ടോ ;

(ഇ) അടുത്ത അദ്ധ്യയന വർഷം ആരംഭത്തിൽത്തന്നെ യൂണിഫോം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

993/2018

LIBRARY ARCHIVES Kerala Legislative Assembly